**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2647** 27.1.2014 -ൽ മറുപടിയ്ക്ക്

**ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ.പി. കെ. ബഷീർ<br>ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) | ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി) | പരിശോധനാ സംവിധാനങ്ങളുടേയും, ഉദ്യോഗസ്ഥരുടേയും അപര്യാപ്തത മുതലെടുത്ത് വ്യാജവും ഗുണനിലവാരമില്ലാത്തതുമായ മരുന്നുകൾ വ്യാപകമാവുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ആന്റ് റൂൾസ് പ്രകാരം ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണത്തിന് ലൈസൻസ് ആവശ്യമാണ്. എന്നാൽ ആയുർവേദ മരുന്നുകളുടെ വിൽപനക്ക് ലൈസൻസ് ആവശ്യമില്ല. ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണ സ്ഥാപനങ്ങൾ പരിശോധിക്കാൻ സംസ്ഥാനത്ത് 4 ഡ്രഗ്സ് ഇൻസ്പെക്ടർ മാരാണ് നിലവിലുണ്ടായിരുന്നത്. ജി.ഒ.(എം എസ്) നം. 307/2012/ ആകു.വ. തീയതി 19/09/2012 പ്രകാരം 4 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ (ആയുർവേദ) തസ്തിക കൂടി സൃഷ്ടിക്കുകയും, പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. വ്യാജവും ഗുണനിലവാരമില്ലാത്തതുമായ മരുന്നുകൾ ഉദ്യോഗസ്ഥർ പരിശോധനയിൽ കണ്ടെത്തുകയും അവയുടെ വിൽപന തടയുകയും ചെയ്യുന്നുണ്ട്. |
| സി | അത്ഭുത രോഗശാന്തിയും, മോഹന വാഗ്ദാനങ്ങളും നല്കി നിരന്തര പരസ്യത്തിലൂടെ വ്യാജവും പാർശ്വഫലങ്ങളുള്ളതുമായ നിരവധി മരുന്നുകൾ പ്രചരിപ്പിക്കുന്നതിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | ഡ്രഗ്സ് ആന്റ് മാജിക് റമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954 ന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ അത്ഭുത രോഗശാന്തി പ്രദാനം ചെയ്യുമെന്നുള്ള പരസ്യങ്ങൾ നൽകി വിറ്റഴിക്കാൻ ശ്രമിക്കുന്നത് നിയമലംഘനമാണ്. സംസ്ഥാനത്ത് മേൽ നിയമത്തിന്റെ ലംഘനത്തിന് വിവിധ കോടതികളിൽ 105 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 14 കേസുകളിൽ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ